## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 133 02/07/2015 ൽ മറുപടിക്ക്

## സച്ചാർ കമ്മീഷൻ റിപ്പോർട്ട് - മദ്രസകൾക്ക് കേന്ദ്ര ഗ്രാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>,, എൻ.എ.നെല്ലിക്കുന്ന്<br>,, റ്റി.എ.അഹമ്മദ് കബീർ<br>,, പി.ഉബൈദുള്ള | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതി പ്രകാരം സംസ്ഥാനത്തെ മദ്രസകൾക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട ഗ്രാന്റ് തടയപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്തെ മദ്രസകൾക്ക് 2010-11, 2013-14 വർഷങ്ങളിലെ ഗ്രാന്റ് നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ 828 മദ്രസകൾക്ക് ഗ്രാന്റ് ലഭിക്കുവാനുള്ള അപേക്ഷ കേന്ദ്ര മാനവവിഭവ ശേഷി വികസന മന്ത്രാലയത്തിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഗ്രാന്റ് തടയപ്പെട്ടതിനെ സംബന്ധിച്ച് യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ല. |
| ബി) ഓഡിറ്റർ ജനറലിന്റെ ഒബ്ജക്ഷൻ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന് ആധാരമായ കാരണങ്ങൾ എന്തൊക്കെയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ; | ബി) സംസ്ഥാനത്തെ ഗ്രാന്റ് ലഭ്യമായ മദ്രസകളിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നടത്തിയ പരിശോധനയിൽ, മദ്രസകളിൽ ക്ലാസ്സുകൾ പാർട്ട് ടൈം അടിസ്ഥാനത്തിലാണ് നടക്കുന്നതെന്നും ഇത് സ്കീമിന്റെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. വിശദമായ പരിശോധനയിൽ മദ്രസകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിപക്ഷം പേരും മുഖ്യധാരാ വിദ്യാഭ്യാസം നേടുന്നതിനാൽ സ്കീമിന്റെ മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ട് എന്നും കണ്ടെത്തിയതായി സി ആന്റ് എ.ജി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) മറ്റു സംസ്ഥാനങ്ങളിലെ മദ്രസകൾക്ക് ഇത്തരം ഗ്രാന്റ് നല്കുന്നുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ മദ്രസകൾക്കും ഗ്രാന്റ് ലഭ്യമാക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ? | സി) മറ്റ് സംസ്ഥാനത്തെ മദ്രസകൾക്ക് ഗ്രാന്റ് ലഭിക്കുന്നുണ്ട് എന്ന് www.inhrd.gov.in എന്ന വെബ്സൈറ്റിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ മദ്രസകൾക്കും അർഹതയുണ്ടെങ്കിൽ ഗ്രാന്റ് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ